(b) Have the Government received representations for extending power supply to the following Centres in Manjoor Panchayat area viz ;

(i) ward IV and ward VI ; and

(ii) from Manvettom junction to poovassery landing in ward VIII ; and

(c) If so, what action has been taken on the same ?

Minister for public works (**Shri P. P. Ummer Koya**):

(a) To 120 new Centres.

(b) Yes.

(c) The feasibility of extending supply to these Centres in Manjoor Panchayat is being investigated by the Electricity Board.

UNSTARRED QUESTIONS AND ANSWERS

ക്ഷയരോഗികൾക്കുള്ള സഹായധനത്തിനപേക്ഷിച്ചവർ.

1. [1] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964 ജൂൺ 30 വരെ എല്ലാ ജില്ലകളിലുമായി എത്ര പേർ ക്ഷയ രോഗികൾക്കുള്ള സഹായധനത്തിനപേക്ഷിച്ചു;

(ബി) ജില്ലതിരിച്ചുള്ള അപേക്ഷകളുടെ എണ്ണം എത്ര ;

(സി) 1964 ജൂൺ 30 വരെ എത്രപേർക്ക് പണം അനുവദിച്ചു കൊടുത്തു;

(ഡി) നിരസിക്കപ്പെട്ട അപേക്ഷകൾ എത്ര ;

(ഇ) തീരുമാനം എടുക്കേണ്ട അപേക്ഷകൾ എത്ര?

ഉത്തരം.

(എ) എറണാകുളം ജില്ല ഒഴിച്ച് ബാക്കിയുള്ള എട്ട ജില്ലകളിലായി 7393 പേർ അപേക്ഷിച്ചു. എറണാകുളം ജില്ലയിലെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ യഥാക്രമം 758, 751, 1616, 655, 1280, 4525, 750, 1131, അപേക്ഷകൾ ലഭിച്ചു.

(സി) എറണാകുളം ജില്ല ഒഴിച്ച് ബാക്കിയുള്ള ജില്ലകളിലെല്ലാംകൂടി 2488 അപേക്ഷകൾക്ക് പണം അനുവദിച്ചുകൊടുത്തു.

(ഡി) എറണാകുളം ജില്ല ഒഴിച്ച് ബാക്കിയുള്ള ജില്ലകളിലായി 657 അപേക്ഷകൾ നിരസിക്കപ്പെട്ടു.

(ഇ) എറണാകുളം ജില്ലയൊഴിച്ചുള്ള ജില്ലകളിൽ 4248 അപേക്ഷകൾ തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly